

വിത്തിനെ ചെടിയാക്കി വളർത്തുന്നതും ശുക്ല ബീജത്തെ ജീവനുള്ള ജന്തുവാക്കി പ്രസവിപ്പിക്കുന്നതും ആരാണ്? ഇതൊക്കെ ഓരോരോ 'ദൈവങ്ങൾ' അവർക്ക് തോന്നിയ മട്ടിൽ നടത്തിക്കൊണ്ടിരിക്കുകയാണോ?. പ്രപഞ്ചം പടക്കാനും ഭരിക്കാനും ഒന്നിലേറെ ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ അവ രണ്ടും നിലനിൽക്കുകയേ ഇല്ലായിരുന്നുവെന്നതാണ് വാസ്തവം.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ-21

# അൽഅമ്പിയാഅ്

18. അല്ല, നാം സത്യത്തെ മിഥ്യയിന്മേൽ വിക്ഷേപിക്കുകയാകുന്നു. അപ്പോൾ സത്യം മിഥ്യയുടെ തല ചതക്കുന്നു. കാണക്കാണെ മിഥ്യ തിരോഭവിക്കുന്നു. കെട്ടിച്ചമച്ച അസത്യവാദങ്ങളാൽ നിങ്ങൾക്കുള്ളത് മഹാനാശമാകുന്നു.

بَلْ نَقْذِفُ بِٱلْحَقِّ عَلَى ٱلْبَٰطِلِ فَيَدْمَغُهُۥ فَإِذَا هُوَ زَاهِقٌۚ وَلَكُمُ ٱلْوَيْلُ مِمَّا تَصِفُونَ ١٨

19. ആകാശ ഭൂമികളിലുള്ള സൃഷ്ടികളൊക്കെയും അവന്റേതാകുന്നു. അവന്റെ സന്നിധിയിലുള്ളവർ അഹന്ത കൈക്കൊണ്ട് അവന്ന് ഇബാദത്തു ചെയ്യാൻ വിസമ്മതിക്കുന്നില്ല. ആരാധനയാൽ മുഷിയുന്നുമില്ല.

وَلَهُۥ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِۚ وَمَنْ عِندَهُۥ لَا يَسْتَكْبِرُونَ عَنْ عِبَادَتِهِۦ وَلَا يَسْتَحْسِرُونَ ١٩

20. ഇടതടവില്ലാതെ രാപ്പകൽ അവരൊക്കെയും അവനെ വാഴ്ത്തിക്കൊണ്ടേയിരിക്കുന്നു.

يُسَبِّحُونَ ٱلَّيْلَ وَٱلنَّهَارَ لَا يَفْتُرُونَ ٢٠

21. അല്ല; ഈ ജനം ഭൗമിക ദൈവങ്ങളെ വരിച്ചിരിക്കുന്നുവെന്നോ?! ആ ദൈവങ്ങൾ നിർജീവമായതിനെ സജീവമാക്കി ഉയിർത്തെഴുന്നേൽപിക്കുന്നുണ്ടോ?!

أَمِ ٱتَّخَذُوٓا۟ ءَالِهَةً مِّنَ ٱلْأَرْضِ هُمْ يُنشِرُونَ ٢١

22. വാനലോകത്തും ഭൂലോകത്തും അല്ലാഹുവല്ലാതെ വേറെയും ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ രണ്ടിന്റെയും സംവിധാനം താറുമാറാകുമായിരുന്നു. ആകയാൽ ഇക്കൂട്ടർ ജൽപിക്കുന്നതിൽ നിന്നൊക്കെയും പരമ പരിശുദ്ധനത്രെ പ്രപഞ്ചം സിംഹാസനത്തിനുടയവനായ അല്ലാഹു.

لَوْ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَاۚ فَسُبْحَٰنَ ٱللَّهِ رَبِّ ٱلْعَرْشِ عَمَّا يَصِفُونَ ٢٢

23. അവൻ ചെയ്യുന്നതൊന്നും ആരാലും ചോദ്യം ചെയ്യപ്പെടുന്നില്ല. എന്നാൽ സൃഷ്ടികളൊക്കെയും ചോദ്യം ചെയ്യപ്പെടുന്നവരാകുന്നു.

لَا يُسْـَٔلُ عَمَّا يَفْعَلُ وَهُمْ يُسْـَٔلُونَ ٢٣

**18**

| | |
|---|---|
| بَلْ نَقْذِفُ = അല്ല, നാം വിക്ഷേപിക്കുകയാകുന്നു | بِٱلْحَقِّ = സത്യത്തെ عَلَى ٱلْبَٰطِلِ = മിഥ്യയിന്മേൽ |
| فَيَدْمَغُهُۥ = അപ്പോൾ അത് (സത്യം) അതിന്റെ (മിഥ്യയുടെ) തല ചതക്കുന്നു | فَإِذَا هُوَ = അപ്പോഴതാ അത്(കാണക്കാണെ) |
| زَاهِقٌ = തകരുന്നു(തിരോഭവിക്കുന്നു) | وَلَكُمُ ٱلْوَيْلُ = നിങ്ങൾക്കുള്ളത് മഹാനാശമാകുന്നു |
| مِمَّا تَصِفُونَ = നിങ്ങൾ വിശേഷിപ്പിക്കുന്നതിനാൽ (കെട്ടിച്ചമച്ച അസത്യവാദങ്ങളാൽ) | |

**ഈ** ലോകം ഒരു വിനോദാലയമോ അതിൽ നടക്കുന്നത് വെറും തമാശകളോ അല്ല; മറിച്ച് സത്യവും അസത്യവും തമ്മിലുള്ള സംഘട്ടനമാണിവിടെ നടക്കുന്നത്. ദൈവം ഇവിടെ അസത്യത്തിനും അവസരം നൽകിയിരിക്കുന്നു. ഇതിനർഥം അവന്റെ ദൃഷ്ടിയിൽ സത്യവും മിഥ്യയും തുല്യമാണെന്നല്ല. അവൻ നിങ്ങളെ പരീക്ഷിക്കുകയാണിത്; ആരാണ് ബോധപൂർവം സത്യം സ്വീകരിക്കുന്നതെന്നും ആരാണ് മിഥ്യയുടെ പൂജകരാകുന്നതെന്നും കാണാൻ. ഈ സംഘട്ടനത്തിൽ അന്തിമ വിജയം സത്യത്തിനായിരിക്കും. ദൈവം സത്യത്തിന്റെ കൂടം കൊണ്ട് അസത്യത്തിന്റെ തലയുടക്കുന്ന ഒരു നാൾ വന്നെത്തുക തന്നെ ചെയ്യും. തലച്ചോറ് പുറത്തേക്ക് തെറിക്കുംവണ്ണം തല ചതക്കുക എന്നാണ് يَدْمَغُهُ എന്ന മൂലപദത്തിന്റെ ആശയം. തലച്ചോറ് തെറിച്ചുപോയ ജന്തു ഉടനെ ചത്തുപോകുന്നു. അതുപോലെ സത്യത്തിന്റെ ആഘാതമേറ്റാലുടനെ തകർന്നുപോകുന്നതാണ് മിഥ്യ. ഇന്ന് അനുവർത്തിച്ചുകൊണ്ടിരിക്കുന്ന മൂഢമായ സത്യനിഷേധവും മിഥ്യാ പൂജയും ഭാവിയിൽ നിങ്ങൾക്ക് മഹാവിപത്തായിത്തീരുമെന്ന് താക്കീത് ചെയ്യുകയാണ് ... وَلَكُمُ ٱلْوَيْلُ എന്ന വാക്യം. مما تصفون എന്ന വാക്കിന് നിങ്ങൾ വിശേഷിപ്പിക്കുന്നതിനാൽ, പറയുന്നതിനാൽ, വാദിക്കുന്നതിനാൽ, വർണിക്കുന്നതിനാൽ എന്നെല്ലാം അർഥമാവാം. ഭൗതിക പ്രപഞ്ചം ദേവീദേവന്മാരുടെ വിനോദമാണ്, ദൈവത്തിന്റെ പങ്കാളികളായ അവരുടെ സഹായവും ശിപാർശയും കൊണ്ട് ക്ഷേമവും സൗഭാഗ്യവും നേടാം. പരലോകവും ഉയിർത്തെഴുന്നേൽപും ഇല്ല. ഉണ്ടെങ്കിൽ തന്നെ, തങ്ങൾ ആരാധിച്ചു പ്രീതിപ്പെടുത്തിയ ഉപദൈവങ്ങളുടെ സഹായത്താൽ തങ്ങൾ നരകമുക്തരും സ്വർഗസ്ഥരുമാകും. ഇത്തരം സങ്കൽപങ്ങളെയാണ് ഇവിടെ تصفون എന്ന വാക്ക് പ്രതിനിധീകരിക്കുന്നത്. ഇവയെല്ലാം ഭാവിയിൽ ഇഹലോകത്തും പരലോകത്തും അവരുടെ ഗുരുതരമായ പരാജയത്തിനും ദുരിതത്തിനും കാരണമായിത്തീരുന്നതാണ്. ■

**19,20**

| | |
|---|---|
| وَلَهُۥ = അവന്റേതാകുന്നു | مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ = ആകാശഭൂമികളിലുള്ളവർ (സൃഷ്ടികൾ ഒക്കെയും) |
| وَمَنْ عِندَهُۥ = അവന്റെ സന്നിധിയിലുള്ളവ(യും)രും | |
| لَا يَسْتَكْبِرُونَ = അവർ അഹങ്കരിക്കുന്നില്ല (അഹന്ത കൈക്കൊണ്ട് വിസമ്മതിക്കുന്നില്ല) | |
| عَنْ عِبَادَتِهِۦ = അവന്റെ ഇബാദത്തിൽനിന്ന്(അവന് ഇബാദത്ത് ചെയ്യാൻ) | |
| وَلَا يَسْتَحْسِرُونَ = അവർ (ആരാധനയാൽ) മുഷിയുന്നുമില്ല | |
| يُسَبِّحُونَ = അവർ (ഒക്കെയും അല്ലാഹുവിനെ) വാഴ്ത്തിക്കൊണ്ടിരിക്കുന്നു | ٱلَّيْلَ وَٱلنَّهَارَ = രാവും പകലും |
| لَا يَفْتُرُونَ = അവർ മുടക്കം വരുത്തുന്നില്ല(ഇടതടവില്ലാതെ) | |

**പ്ര**പഞ്ച സൃഷ്ടിയുടെ യാഥാർഥ്യവും ഇഹത്തിലും പരത്തിലും അല്ലാഹുവിന്റെ രക്ഷാശിക്ഷകൾ അനിവാര്യമാകുന്നതിന്റെ ന്യായങ്ങളും വിശദീകരിക്കുകയായിരുന്നു മുൻസൂക്തങ്ങൾ. ഇനി ദൈവം ഏകൻ മാത്രമാണെന്നതിന്റെയും ബഹുദൈവ വിശ്വാസം മിഥ്യയാണെന്നതിന്റെയും തെളിവുകളിലേക്കും ന്യായങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ്. ആകാശഭൂമികളിൽ ഉള്ളത് അഥവാ പ്രപഞ്ചസൃഷ്ടികളഖിലം അല്ലാഹുവിന്റേതാണ്. അവൻ സൃഷ്ടിച്ചതും അവന്റെ ഉടമസ്ഥതയിലുള്ളതുമാണ്. അല്ലാഹുവിന്റെ അധീനതക്കും നിയന്ത്രണത്തിനും അന്യമായി യാതൊന്നുമില്ല. ആരാധിക്കാനോ പ്രാർഥിക്കാനോ അർഹമായി അവനല്ലാതെ മറ്റാരുമില്ലെന്നാണിതിനർഥം. പക്ഷേ മൂഢജനം പുണ്യപുരുഷന്മാരെയും ജിന്നുകളെയും മലക്കുകളെയും മറ്റു പല സൃഷ്ടികളെയും ആരാധിച്ചുവരുന്നു. എന്നാൽ അല്ലാഹുവിന്റെ പാർശ്വവർത്തികൾ എന്നുപറയാവുന്ന സൃഷ്ടികൾ പോലും അവന്റെ അടിമകളും ആരാധകരുമാകുന്നു. അവന്റെ സന്നിധിയിലുള്ളവർ- وَمَنْ عِندَهُۥ - എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് മലക്കുകളെയാണ്. ദൈവേഛകൾ അപ്പപ്പോൾ നടപ്പിലാക്കാൻ സന്നദ്ധരായി നിലകൊള്ളുന്നവരാണവർ. ദൈവവുമായുള്ള ഈ ഉറ്റ സാമീപ്യം പോലും 'അടിമകൾ'

എന്ന അവരുടെ അവസ്ഥക്ക് ഒരു മാറ്റവും വരുത്തുന്നില്ല. അവരാവട്ടെ അല്ലാഹുവിന് അടിമപ്പെടുന്നത് തങ്ങളുടെ നിലവാരത്തിനു കുറച്ചിലാണെന്നഹങ്കരിക്കുകയോ അതിനപ്പുറമുള്ള നിലവാരത്തിലെത്താൻ ശ്രമിക്കുകയോ ചെയ്യുന്നുമില്ല. അല്ലാഹുവിന്റെ സൃഷ്ടിയുടെ ഏറ്റം സത്യസന്ധമായ അവസ്ഥ അല്ലാഹുവിന്റെ അടിമ എന്നതാകുന്നു. തന്റെ യഥാർഥ അവസ്ഥയിൽ നിലകൊള്ളുമ്പോഴാണ് ഏതു സൃഷ്ടിയും അതിന്റെ ഔന്നത്യവും മഹത്വവും പ്രാപിക്കുന്നത്. അതിനാൽ മുഢസൃഷ്ടികൾ മാത്രമേ അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ ലജ്ജിക്കൂ. പരിശുദ്ധരായ മലക്കുകൾ ദൈവസാമീപ്യത്താൽ തങ്ങൾ അടിമത്തത്തിന്നതീതരായിരിക്കുന്നുവെന്നഹങ്കരിക്കുകയോ അവന്ന് ഇബാദത്ത് ചെയ്യാൻ വിസമ്മതിക്കുകയോ ഇല്ല. അവർ രാവും പകലും അവന്റെ ആജ്ഞകൾ ശിരസാ വഹിച്ചുകൊണ്ടും അവന്റെ സ്തുതികൾ പ്രകീർത്തനം ചെയ്തുകൊണ്ടുമിരിക്കുന്നു. ഈ നിരന്തരചര്യയിൽ അവർ മടുക്കുന്നില്ല, മുഷിയുന്നില്ല, ക്ഷീണിക്കുന്നുമില്ല. മടുപ്പും മുഷിപ്പും ക്ഷീണവുമെല്ലാം ഉൾക്കൊള്ളുന്ന വാക്കാണ് يَسْتَحْسِرُونَ. ദീർഘകാലമായി നടന്നുവരുന്ന സംഗതിയിൽ ഇടക്കുണ്ടാകുന്ന വിടവാണ് فترة. ദീർഘകാലമായി രാജ്യം ഭരിച്ചുവരുന്ന ഒരു പാർട്ടിക്ക്, രാജവംശത്തിന് അധികാരം നഷ്ടപ്പെട്ട ഇടക്കാലത്തെ فترة എന്നുപറയും. അതിൽനിന്നുള്ള ക്രിയയാണ് يَفْتُرُونَ.

ഇവിടെ മലക്കുകളെ പ്രത്യേകം സൂചിപ്പിക്കുന്നതിന് ഒരു കാരണമുണ്ട്. ബഹുദൈവ വിശ്വാസികൾ മലക്കുകളെ -ദേവീദേവന്മാരെ- ദൈവത്തിന്റെ മക്കളായിട്ടാണ് ഗണിക്കുന്നത്. മലക്കുകൾ ദൈവത്തിന്റെ പെൺമക്കളാണെന്നായിരുന്നു അറേബ്യൻ വിഗ്രഹാരാധകരുടെ വിശ്വാസം. ദൈവപുത്രന്മാരെ പൂജിച്ചു പ്രസാദിപ്പിച്ചാൽ അവർ തങ്ങളുടെ ആവശ്യങ്ങളൊക്കെ ദൈവത്തിന്റെ ശ്രദ്ധയിൽ പെടുത്തും. പുത്രീവത്സനായ ദൈവം അതൊക്കെ സന്തോഷപൂർവം സാധിപ്പിച്ചു കൊടുക്കും. അങ്ങനെ ഈ ലോകത്തും, മരണാനന്തരം ഒരു പരലോകമുണ്ടെങ്കിൽ അവിടെയും തങ്ങൾ സുരക്ഷിതരാണ്. ഇത് വിഗ്രഹാരാധകരുടെ വ്യാമോഹം മാത്രമാണെന്ന് സൂചിപ്പിക്കുകയാണിവിടെ.

ഇടതടവില്ലാതെ അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ടേയിരിക്കുന്നുവെങ്കിൽ, അവർക്ക് മറ്റു ജോലിയൊന്നുമില്ലേ എന്നു ചോദിച്ചേക്കാം. അല്ലാഹുവിനെ വാഴ്ത്തുക-തസ്ബീഹ് ചെയ്യുക-എന്നാൽ നാവു കൊണ്ടുള്ള കീർത്തനവും ധ്യാനവും മാത്രമല്ല. അല്ലാഹുവിന്റെ ആജ്ഞകൾ നടപ്പിലാക്കലും അവൻ നിശ്ചയിച്ച പ്രകൃതിയനുസരിച്ചു ചരിക്കലും അവന്നുള്ള ഇബാദത്തിൽ പെടുന്നു. ബൈഹഖി ശുഅബുൽ ഈമാനിൽ ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം. അബ്ദുല്ലാഹിബിനു ഹാരിഥ്(റ) കഅബിനോടു ചോദിച്ചു: "രാപ്പകൽ ഇടതടവില്ലാതെ അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ അവരുടെ ദൗത്യവൃത്തിയും മറ്റു ജോലികളും എങ്ങനെയാണ്?" അദ്ദേഹം പറഞ്ഞു: "അല്ലാഹു അവരുടെ തസ്ബീഹ് നിങ്ങളുടെ ശ്വാസം പോലെയാക്കിയിരിക്കുന്നു. നിങ്ങൾ തിന്നുകയും കുടിക്കുകയും വരികയും പോവുകയും സംസാരിക്കുകയുമൊക്കെ ചെയ്യുമ്പോഴും ശ്വസിക്കുന്നില്ലേ? അവരുടെ തസ്ബീഹ് അതുപോലെയാക്കിയിരിക്കുന്നു." 'അവരുടെ ശ്വാസോഛ്വാസത്തെ തസ്ബീഹ് ആക്കിയിരിക്കുന്നു' എന്ന് ഹസൻ(റ) പ്രസ്താവിച്ചതായും നിവേദനമുണ്ട്. ■

**21,22**

أَمِ ٱتَّخَذُوٓا۟ = അതോ (അല്ല ഈ ജനം) എടുത്തുവോ (വരിച്ചിരിക്കുന്നുവെന്നോ)

ءَالِهَةً مِّنَ ٱلْأَرْضِ = ഭൂമിയിൽനിന്നുള്ള ദൈവങ്ങളെ (ഭൗമിക ദൈവങ്ങളെ) هُمْ = അവർ

يُنشِرُونَ = (നിർജീവമായതിനെ സജീവമാക്കി) ഉയിർത്തെഴുന്നേൽപിക്കുന്നവരാണോ

لَوْ كَانَ فِيهِمَآ = അവ രണ്ടിലും (വാനലോകത്തും ഭൂലോകത്തും)ഉണ്ടായിരുന്നുവെങ്കിൽ ءَالِهَةٌ = ദൈവങ്ങൾ (വേറെയും)

إِلَّا ٱللَّهُ = അല്ലാഹുവല്ലാതെ لَفَسَدَتَا = രണ്ടും നശിച്ചതു തന്നെ(രണ്ടിന്റെയും സംവിധാനം താറുമാറാകുമായിരുന്നു)

فَسُبْحَـٰنَ ٱللَّهِ = ആകയാൽ സുബ്ഹാനല്ലാഹ്-പരമ പരിശുദ്ധനത്രെ അല്ലാഹു

رَبِّ ٱلْعَرْشِ = (പ്രപഞ്ച) സിംഹാസനത്തിനുടയവൻ عَمَّا يَصِفُونَ = ഇക്കൂട്ടർ ജൽപിക്കുന്നതിൽനിന്ന് (ഒക്കെ)

انشار ൽ നിന്നുള്ളതാണ് يُنشِرُونَ. ഒരു വസ്തു നിർജീവമായ ശേഷം വീണ്ടും സജീവമാക്കുകയാണ് انشار. നിർജലമായി വരണ്ടുണങ്ങിയ മണ്ണ് വീണ്ടും അല്ലാഹു സജീവവും ശാദ്വലവുമാക്കുന്നതിന് أنشر الله الأرض എന്നുപറയും. മരണാനന്തര ജീവിതം-ഉയിർത്തെഴുന്നേൽപ് എന്ന അർഥത്തിലും انشار ഉപയോഗിക്കും. അധികാരത്തിന്റെ രൂപകമാണ് عرش (സിംഹാസനം). സർവാധികാരങ്ങൾക്കും ഉടയവനാണ് رَبِّ ٱلْعَرْشِ. 18-ാം സൂക്തത്തിനുതാഴെ يصفون യുടെ അർഥം വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹുവിനെക്കുറിച്ച് വിഗ്രഹാരാധകർ ഉതിർക്കുന്ന നിരർഥകമായ വാദങ്ങളാണ് ഇവിടെ ഉദ്ദേശ്യം.

ഭൂലോകത്തും വാനലോകത്തും വെവ്വേറെ ദൈവങ്ങളുണ്ടെന്ന വിഗ്രഹാരാധകരുടെ വിശ്വാസത്തെ നിഷേധിക്കു

കയാണിവിടെ. സർവാധികാരങ്ങളുമുള്ള ഒരു റബ്ബുൽ അർശിനെ അവർ അംഗീകരിച്ചിരുന്നു. ആ പരമേശ്വരൻ അധികാര പീഠമുറപ്പിച്ചിരിക്കുന്നത് ആകാശ ലോകത്താണ്. മറ്റു കുറെ ദൈവങ്ങളാണ് ഭൂമിയിൽ ദിവ്യത്വം വാഴുന്നത്. ഈ അന്ധവിശ്വാസമാണ് ആകാശത്തെ പരമേശ്വരനെ അവഗണിച്ച് ഭൂമിയിലെ ഉപദൈവങ്ങളെ ആരാധിക്കാൻ അവരെ പ്രേരിപ്പിച്ചത്. പ്രപഞ്ചാധിപതിയുടെ അധികാര സാമ്രാജ്യത്തിലെ വിദൂരമായ മേഖലയാണ് ഭൂമി. പരമേശ്വരൻ അതിന്റെ നിയന്ത്രണം ഉപദൈവങ്ങളെ ഏൽപിച്ച് അകന്നു നിൽക്കുകയാണ്. ഇക്കാലത്തും വിഗ്രഹാരാധനയുടെ അടിവേര് ഈ സങ്കൽപത്തിൽ തന്നെയാണ്. അതിൽനിന്നാണ് ഭൂമിക്കും ദേശത്തിനും സമുദായത്തിനും ഗോത്രത്തിനും വ്യക്തിക്കും വരെ പ്രത്യേകം പ്രത്യേകം ദൈവങ്ങൾ മുളച്ചുപൊന്തുന്നത്. ആളുകൾ സ്വയം ഇഷ്ടപ്പെട്ട് തെരഞ്ഞെടുത്ത് ആരാധിക്കുന്ന ദൈവങ്ങളാണല്ലോ അവരുടെ ഇഷ്ടദൈവം. അതായത് സൃഷ്ടികളുടെ ഭാവനാവിലാസത്തിന്റെ സൃഷ്ടിയാണ് അവരുടെ സ്രഷ്ടാവെന്ന്! ഈ സങ്കൽപത്തിന്റെ അർഥശൂന്യത മനസ്സിലാക്കാൻ ബഹുദൈവങ്ങൾ യഥാർഥത്തിൽ ഇവിടെ വല്ലതും സൃഷ്ടിക്കുന്നുണ്ടോ എന്ന് ആലോചിച്ചാൽ മതി. അല്ലെങ്കിൽ നിർജീവമായ വല്ലതിനും ജീവൻ നൽകുന്നുണ്ടോ? വിത്തിനെ ചെടിയാക്കി വളർത്തുന്നതും ശുക്ല ബീജത്തെ ജീവനുള്ള ജന്തുവാക്കി പ്രസവിപ്പിക്കുന്നതും ആരാണ്? ഇതൊക്കെ ഓരോരോ 'ദൈവങ്ങൾ' അവർക്ക് തോന്നിയ മട്ടിൽ നടത്തിക്കൊണ്ടിരിക്കുകയാണോ?. പ്രപഞ്ചം പടക്കാനും ഭരിക്കാനും ഒന്നിലേറെ ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ അവ രണ്ടും നിലനിൽക്കുകയേ ഇല്ലായിരുന്നുവെന്നതാണ് വാസ്തവം. ഈ ആശയം അൽഇസ്റാഅ് 42-ാം സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.

ഇവിടെ ബഹുദൈവ സാന്നിധ്യം പ്രപഞ്ചനാശത്തിന് ഹേതുവാകുമെന്ന് പറഞ്ഞതിന്റെ താൽപര്യമിതാണ്: വൈവിധ്യവും വൈരുധ്യവുമാർന്ന എണ്ണമറ്റ ഘടകങ്ങളുടെ പാരസ്പര്യത്തെയും സഹകരണത്തെയും സമരസത്തെയും ആശ്രയിച്ചാണ് പ്രപഞ്ച സാകല്യം നിലനിൽക്കുന്നത്. ഈ പാരസ്പര്യവും സമരസവും ഒരു നിമിഷത്തേക്ക് ഇല്ലാതായാൽ മതി പ്രപഞ്ചം തകർന്ന് തരിപ്പണമാകാൻ. അഖിലാണ്ഡത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഒരേ ഇഛാശക്തി-Super Mind-ആണെന്നതിന്റെ അനിഷേധ്യ സാക്ഷ്യമാണത്. പലതരം സ്വതന്ത്ര പരമാധികാര ഇഛകളാണതിൽ പ്രവർത്തിക്കുന്നതെങ്കിൽ പ്രപഞ്ചത്തിന് നിലനിൽക്കാൻ കഴിയുമായിരുന്നില്ല. ഒരു രാജ്യത്ത് പല പരമാധികാരികൾ വാഴുമോ? പരമാധികാരിക്ക് കീഴെ അധികാരത്തിൽ പങ്കുള്ളവരുണ്ടെങ്കിൽ അവരോരോരുത്തരും പരമാധികാര പദത്തിലെത്താൻ ശ്രമിച്ചുകൊണ്ടിരിക്കും. കാരണവന്മാർ ഭരിക്കുന്ന കുടുംബങ്ങളിൽ പോലും ഈ കലഹം ദൃശ്യമാണ്. ഇനി അധികാര പദവികളിലും കഴിവുകളിലും തികച്ചും തുല്യതയുള്ള രണ്ട് ശക്തികൾ ഉണ്ടാവുകയും പരസ്പരം കലഹിക്കാതെ നിലനിൽക്കുകയും ചെയ്യുന്നുവെന്ന് തന്നെ സങ്കൽപിക്കുക. എന്നാൽ പോലും അവരുടെ ഇഛകളും സൃഷ്ടികർമവും ഒന്നാകുമോ? ഒരാളുടെ സൃഷ്ടിയുടെ പൂരകവും അനുബന്ധവുമായിത്തീരുമോ മറ്റേയാളുടെ സൃഷ്ടി. ഇല്ല, എന്നാണെങ്കിൽ അതു പ്രപഞ്ചത്തിന്റെ നിലനിൽപ്പിന്റെ നിഷേധമാകുന്നു. അതെ എന്നാണുത്തരമെങ്കിൽ ദൈവത്തിന്റെ ബഹുത്വം നിരർഥകമാകുന്നു. ഒന്നിലധികം ദൈവങ്ങൾ ചിന്തിക്കുന്നതൊന്ന്, ഇഛിക്കുന്നതൊന്ന്, പ്രവർത്തിക്കുന്നതൊന്ന്, സ്വീകരിക്കുന്നതൊന്ന്, തിരസ്കരിക്കുന്നതൊന്ന് എന്നായാൽ അവിടെ ഫലത്തിൽ ഒരു ദൈവമേയുള്ളൂ. ബഹുത്വം കേവല സങ്കൽപമാകുന്നു.

അതിനാൽ പ്രപഞ്ചത്തിന്റെ പരമാധികാരിക്ക്(رب العرش) തുല്യരോ കീഴ്ക്കിടക്കാരോ ആയ വേറെയും ദൈവങ്ങളുണ്ടെന്ന വിശ്വാസം തികച്ചും മൂഢമാണ്. ഏക ദൈവം മാത്രമാണ് പ്രപഞ്ച വിധാതാവ്. അവന്റെ വിധികളാണ് ആകാശലോകത്തും ഭൂലോകത്തും പ്രവർത്തിക്കുന്നത്. മറ്റാർക്കും അതിൽ ഒരു പങ്കുമില്ല. ഇതാണ് ... فَسُبْحَانَ ٱللَّهِ എന്ന വാക്യത്തിന്റെ താൽപര്യം. ■

## 23

لَا يُسْـَٔلُ = അവൻ ചോദ്യം ചെയ്യപ്പെടുന്നില്ല عَمَّا يَفْعَـلُ = അവൻ ചെയ്യുന്ന(തിനെക്കുറിച്ച് ഒന്നും)
وَهُـمْ = അവർ (സൃഷ്ടികൾ ഒക്കെയും) يُسْـَٔلُونَ = ചോദ്യം ചെയ്യപ്പെടുന്നതാകുന്നു

പ്രപഞ്ച വിധാതാവ് ആരുടെ മുന്നിലും ഉത്തരം ബോധിപ്പിക്കേണ്ടവനല്ല. അവനെ വിചാരണ ചെയ്യാൻ ആരുമില്ല. അവനല്ലാത്തവരൊക്കെയും അവന്റെ മുമ്പിൽ ഉത്തരം ബോധിപ്പിക്കേണ്ടവരാണ്. ആരും അവന്റെ വിധിവിലക്കുകൾ ലംഘിച്ചുകൂടാ. അതിനു ധൈര്യപ്പെടുന്നവർ വിചാരണാ വിധേയരാവുകയും അതിന്റെ ഫലം അനുഭവിക്കുകയും ചെയ്യേണ്ടിവരും. തങ്ങളുടെ ആരാധ്യർ അല്ലാഹുവിന്റെ വിചാരണക്കതീതരും അവന്റെ തീരുമാനങ്ങളെ സ്വാധീനിച്ച് തങ്ങളുടെ ഐഹികവും പാരത്രികവുമായ താൽപര്യങ്ങൾ സംരക്ഷിക്കാൻ കഴിവുള്ളവരുമാണെന്ന വിഗ്രഹാരാധകരുടെ അന്ധവിശ്വാസത്തിന്റെ നിഷേധമാണിത്. ■